(സി) ഉണ്ട്. സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് ലഭ്യമാക്കുന്നതിനുവേണ്ടി സംസ്ഥാന ഹൗസിംഗ് ബോർഡുമായി ചേർന്നു സമ്പൂർണ്ണ മൈത്രീഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കിവരുന്നു. ത്രിതല പഞ്ചായത്തുകളും ഈ ദിശയിലാണ് പ്രവർത്തിക്കുന്നത്.

പട്ടികവർഗ്ഗ യുവതീ-യുവാക്കളെ സാമൂഹ്യപ്രവർത്തകരാക്കുന്ന പദ്ധതി

6 (231) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. എം. നാരായണൻ കുറുപ്പ് :
ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനമേഖലയിൽ ഒറ്റപ്പെട്ട് ദുരിതമനുഭവിക്കുന്ന പട്ടികവർഗ്ഗ യുവതീ-യുവാക്കളെ കണ്ടെത്തി സാമൂഹ്യപ്രവർത്തകരാകുന്ന എന്തെങ്കിലും പദ്ധതികൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പട്ടികജാതി-വർഗ്ഗ പ്രതിഭകൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ വനമേഖലയിൽ ഒറ്റപ്പെട്ട സങ്കേതങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ആദിവാസി സങ്കേതങ്ങളിലും ഓരോ സാമൂഹ്യപ്രചോദകരെ നിയമിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങളിലും വികസന പ്രവർത്തനങ്ങളിലും സർക്കാർ സ്ഥാപനങ്ങൾക്കും ത്രിതല പഞ്ചായത്തുകൾക്കും ആദിവാസികൾക്കുമിടയിൽ ഒരു കണ്ണിയായി പ്രവർത്തിക്കുക എന്നതാണ് സാമൂഹ്യപ്രചോദകരുടെ മുഖ്യദൗത്യം ഇവർക്ക് പ്രതിമാസം 1000 രൂപ ഓണറേറിയമായി നൽകിവരുന്നു.

(സി) സംവരണ വ്യവസ്ഥകൾ പാലിച്ചാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നടക്കുന്നത്. പ്രാഗൽഭ്യമുള്ള പട്ടികജാതി പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് ഇവിടെ നിയമനം ലഭിക്കുന്നതാണ്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികവിഭാഗക്കാർ

7 (232) ശ്രീ. പി. പി. തങ്കച്ചൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പട്ടികജാതിക്കാരിലും പട്ടികവർഗ്ഗക്കാരിലും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എത്ര കുടുംബങ്ങളുണ്ടായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും തൊഴിൽ നൽകുന്നതിനുള്ള എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി ;

(സി) ഇതിന്റെ ഫലമായി എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തി ;

(ഡി) ഏതെല്ലാം ഗിരിജൻ സെറ്റിൽമെന്റിൽ താമസിക്കുന്ന കുടുംബങ്ങളാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിയ പദ്ധതിയുടെ ഫലമായി ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയത് ;

(ഇ) ഇപ്പോൾ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ജൂലായ് 1996-ലെ കണക്കിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 229996 പട്ടികജാതി കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്ന് കണക്കാക്കിയിട്ടുണ്ട്. 1996-ൽ പട്ടികവർഗ്ഗക്കാരെ സംബന്ധിച്ച് കണക്കെടുത്തിട്ടില്ല. 1992-ലെ സർവേ പ്രകാരം 48.47 ശതമാനം പട്ടികവർഗ്ഗ കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കും താഴെയായിരുന്നു.

(ബി) പ്രത്യേക ഘടകപദ്ധതി ഫണ്ടും പ്രത്യേക കേന്ദ്രസഹായവും വിനിയോഗിച്ച് പട്ടികജാതിക്കാർക്ക് വിവിധ സ്വയംതൊഴിൽ സംരംഭങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. താഴെക്കാണുന്ന സാമ്പത്തിക ഉന്നമനപരിപാടികൾ ഈ വർഷം അംഗീകരിച്ച് നടപ്പിലാക്കിവരുന്നവയാണ്.

1. കേരള സംസ്ഥാന ഹോർട്ടികൾച്ചറൽ പ്രോജക്ട് ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന 115 ലക്ഷം രൂപ മുടക്കി 100 ഹരിതാ സ്റ്റാളുകളും 15 അഗ്രികൾച്ചറൽ സൂപ്പർമാർക്കറ്റുകളും സ്ഥാപിക്കുക.
2. 25 ലക്ഷം രൂപ മുതൽ മുടക്കി ബാംഗ്ലൂരിലെ റ്റാറ്റാ കോഫി ലിമിറ്റഡിന്റെ 100 കോഫി/ടീ വെന്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക.
3. 50 ലക്ഷം രൂപ മുതൽ മുടക്കി തൃശ്ശൂർ കെ.എസ്.സി. ലിമിറ്റഡിന്റെ 100 കാലിത്തീറ്റ ഡീലർഷിപ്പ് യൂണിറ്റ് സ്ഥാപിക്കൽ.
4. 1 കോടി രൂപ ചെലവിൽ കുടിൽവ്യവസായങ്ങൾ സ്ഥാപിക്കുക. പട്ടികവർഗ്ഗക്കാർക്ക് വേണ്ടി ത്രിതല പഞ്ചായത്തുകൾ മുഖേന വിവിധ തൊഴിൽദാന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി 13000 പേർക്ക് 44.5 കോടി രൂപ സ്വയംതൊഴിൽ വായ്പയും നൽകിയിട്ടുണ്ട്.

(സി) ഏകദേശം 92646 പട്ടികജാതി കുടുംബങ്ങളും 8738 പട്ടികവർഗ്ഗ കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയതായി കണക്കാക്കുന്നു.

(ഡി) 1996-97-ന് ശേഷം ഇത്തരം ഒരു കണക്കെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പട്ടികജാതിയിൽപ്പെട്ട 137350 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. 1998-ലെ ഗ്രാമവികസന വകുപ്പിന്റെ കണക്ക് പ്രകാരം 35.89 ശതമാനം പട്ടികവർഗ്ഗക്കാർ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്.

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനു പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയ തുക

8 (233) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും പട്ടികജാതി-പട്ടികവർഗ്ഗക്ഷേമത്തിന് പ്ലാൻസ്കീമിൽ ഉൾപ്പെടുത്തിയും അല്ലാതെയും എന്തു തുക വീതം ഉൾപ്പെടുത്തിയിരുന്നു ;

(ബി) അതിൽനിന്ന് ഓരോ വർഷവും എന്തു തുക വീതം വകമാറ്റി ചെലവ് ചെയ്തു ;

(സി) ഓരോ വർഷവും അതിൽ നിന്നു എന്തു തുക വീതം ലാപ്സായി ;

(ഡി) ഈ കാലഘട്ടത്തിൽ ഓരോ വർഷവും പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിന് കേന്ദ്രഗവൺമെന്റിൽ നിന്നും എന്തു തുക വീതം കിട്ടി ; ഇതിൽ നിന്നും ഓരോ വർഷവും എന്തു തുക വീതം വകമാറ്റി ചെലവ് ചെയ്തു ;

(ഇ) എന്തു തുക വീതം ലാപ്സായി ?

ഉത്തരം

(എ) പട്ടികജാതി വികസനം (തുക ലക്ഷത്തിൽ)

വർഷം	പദ്ധതി	പദ്ധതി വേതനം
1996-97	20965.00	3646.00
1997-98	31950.00	4264.63
1998-99	30401.00	4554.26
1999-2000	31456.00	5366.67
2000-2001	32595.00	5496.24
പട്ടികവർഗ്ഗ വികസനം		
1996-97	4036.00	982.05
1997-98	6307.00	1121.85
1998-99	6117.00	1208.19
1999-2000	6125.00	1425.36
2000-2001	6710.00	1428.29

LIBRARY ARCHIVES Kerala Legislative Assembly